**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**2018 മാർച്ച് 8 ലെ മറുപടിക്ക്**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1938**

**<u>പത്താം ശമ്പള പരിഷ്കരണ അനോമലി കമ്മിറ്റി</u>**

| ചോദ്യം:ശ്രീ.പി.ടി.തോമസ്,<br>ശ്രീ.എം.വിൻസെന്റ് | ഉത്തരം: ഡോ.റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും<br>വകുപ്പ് മന്ത്രി |
|---|---|
| (എ) പത്താം ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് നടപ്പിലാക്കിയതിന് ശേഷം അനോമലി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിയിട്ടുണ്ടോ; | പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി 17/02/2016 ലെ സ.ഉ.(കൈ)നം.81/2016/ധന നമ്പർ ഉത്തരവ് പ്രകാരം അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) ശമ്പള പരിഷ്കരണം സംബന്ധിച്ച എല്ലാ പരാതികളും ഇനി സർക്കാരിന് സമർപ്പിക്കേണ്ടതായെന്നും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ മതിയെന്നുമുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ; | ഉണ്ട്; സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയേതര ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് ശമ്പള പരിഷ്കരണം സംബന്ധിച്ച എല്ലാ പരാതികളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ മതിയെന്ന് 19.01.2018 ലെ 07/2018/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിനും അനോമലി കമ്മിറ്റി പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല |

Nirmala

**സെക്ഷൻ ഓഫീസർ**